(2) ജലവിഭവ വകുപ്പ് ഏറ്റെടുത്ത പദ്ധതികൾ പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടി

ശ്രീ. കെ. മോഹൻ കുമാർ: സർ, തലസ്ഥാനത്ത് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുന്ന ജല വിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വികസന പദ്ധതികളുടെ ഗതിവേഗം വർദ്ധിപ്പിച്ച് ജനങ്ങൾക്ക് പ്രയോജനം നൽകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പൂർത്തിയായ ചില പദ്ധതികൾ തന്നെ കമ്മീഷനിംഗിനായി മാസങ്ങൾ വൈകുന്നത് നമുക്ക് ഒഴിവാക്കാൻ കഴിയേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രി തന്നെ 1995-ൽ വളരെ താൽപ്പര്യപൂർവ്വം അനുമതി നൽകിയ Thirumala Zone Augmentation Scheme 1996-ലേ പണി തുടങ്ങിയിട്ടുള്ളൂവെങ്കിലും ആറു മാസം മുൻപ് ഏതാണ്ട് എല്ലാ ജോലികളും പൂർത്തിയായി. എങ്കിലും ജനങ്ങൾക്ക് ഒരു തുള്ളി വെള്ളം പോലും ഇതിൽ നിന്ന് പ്രയോജനമായി ലഭിച്ചിട്ടില്ല. പ്രതിദിനം 160 ലക്ഷം ലിറ്റർ ശുദ്ധ ജലം ലഭിക്കുന്ന പദ്ധതി വളരെ പെട്ടെന്ന് ജനങ്ങൾക്ക് സമർപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കാലവിളംബത്തിൽ റിക്കോർഡ് കരസ്ഥമാക്കിയ പദ്ധതികളിൽ ഒന്നാണ് തിരുവനന്തപുരത്തെ സ്വീവറേജ് പദ്ധതി. പട്ടം, മുറിഞ്ഞപാലം, പ്ലാമൂട് പമ്പ് ഹൗസുകൾക്ക് ആവശ്യമായ പണികൾ റോഡ് ഗതാഗതം നിയന്ത്രിച്ച് നടത്തിയത് നീണ്ടുപോയത് വലിയ വിവാദം ആയതാണ്. ഇപ്പോൾ ആവശ്യത്തിനുവേണ്ട പണികൾ പൂർത്തിയാക്കി മാസം പത്തു കഴിഞ്ഞിട്ടും അതിന്റെ കമ്മീഷനിംഗ് ആയിട്ടില്ല. ജനങ്ങൾക്ക് വളരെ പെട്ടെന്ന് തന്നെ കണക്ഷൻ നൽകാൻ പ്രത്യേകമായ സംവിധാനം ഏർപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പാങ്ങോട്, വട്ടിയൂർക്കാവ്, തിരുമല പ്രദേശത്ത് കണക്ഷനുവേണ്ടി ഇനിയും കാത്തിരിക്കുന്നവർക്ക് റെയിൽവേ പാളവും കിള്ളിയാറും മറികടന്ന് ലൈനുകൾ യോജിപ്പിച്ചാൽ മാത്രമേ ആശയ്ക്ക് വകയുള്ളൂ എന്നാണ് അറിയുന്നത്. ഇത്തവണത്തെ ബഡ്ജറ്റിൽ 77-ാമത്തെ ഖണ്ഡികയിൽ കുടപ്പനക്കുന്ന്, വട്ടിയൂർക്കാവ്, പേരൂർക്കട, ഉള്ളൂർ, കടകംപള്ളി, ചെറുവയ്ക്കൽ ഗ്രാമങ്ങളുടെ ഒരു ദീർഘകാല സ്വപ്നം സഫലമാക്കാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പത്തുകോടി രൂപ അനുവദിച്ചിട്ടുണ്ട്. പക്ഷെ ഇത് പതിറ്റാണ്ടുകൾ കഴിഞ്ഞാലും നിറവേറ്റപ്പെടാത്ത ആശയായി സൂക്ഷിക്കപ്പെടാതിരിക്കണമെങ്കിൽ സർവ്വേയും പ്രത്യേക പഠനവും നടത്താൻ ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിക്കുകയും പെട്ടെന്ന് തന്നെ പണി ആരംഭിക്കാൻ നടപടി സ്വീകരിക്കുകയും വേണം. സ്വീവറേജ് സ്കീമിൽ ഉൾപ്പെടാത്ത ഗ്രാമ പ്രദേശങ്ങളിലെ പദ്ധതികൾക്ക് അടിയന്തിര പ്രാധാന്യം നൽകാൻ നിർദ്ദേശം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ പട്ടം-ആമയിഴഞ്ചാൻ തോടിന്റെയും പാർവ്വതി പുത്തനാറിന്റെയും, ആക്കുളം കായലിന്റെയും ശുദ്ധീകരണത്തിനായുള്ള പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുവേണ്ടി സമയബന്ധിതമായ നടപടികൾ, റിവ്യൂ മീറ്റിംഗുകൾ കൂടുന്നതിന് നിർദ്ദേശിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, അദ്ദേഹം രണ്ടു മൂന്ന് കാര്യങ്ങളാണ് ഉന്നയിച്ചത്. തിരുമല ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണമാണ് ആദ്യം പറഞ്ഞത്. തിരുവനന്തപുരം ശുദ്ധജല വിതരണ പദ്ധതിയുടെ പരിധിയിൽ വരുന്ന തിരുമല മേഖലയിൽ 40 ദശലക്ഷം ലിറ്റർ ജലം വേണ്ടിവരുന്ന സാഹചര്യത്തിൽ 36 ദശലക്ഷം ലിറ്റർ വെള്ളമാണ് നമുക്ക് നൽകാൻ കഴിയുന്നത്. സമയക്കുറവു കാരണം ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കൂടുതൽ പോകുന്നില്ല. 1996-ൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച ഒരു പദ്ധതിയാണിത്. അത് സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. ഇതുവരെ ഈ പദ്ധതിക്കുവേണ്ടി 200.84 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 16 ദശലക്ഷം ലിറ്ററിന്റെ ഒരു ശുദ്ധീകരണ ശാലയുടെ പണി പൂർത്തിയായിട്ടുണ്ട്. 450 എം.എം. കാസ്റ്റ് അയൺ പൈപ്പ് ഇട്ട് പമ്പിംഗ് മെയിനിന്റെ പണിയും പൂർത്തിയായി. ഇലക്ട്രിക്കൽ റൂമിന്റെ പണി ഈ മാസത്തോടെ പൂർത്തിയാകും. 500 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പണികളുടെ ഓർഡർ നൽകിക്കഴിഞ്ഞിട്ടുണ്ട്. 200 ഹോഴ്സ് പവർ ഉള്ള 2 പമ്പുകൾ വയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇനി 63 ലക്ഷം രൂപകൂടി അതിന് ആവശ്യമാണ്. ഇത് പൂർത്തീകരിക്കാൻ പണം എങ്ങനെയെങ്കിലും കണ്ടെത്താനുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തുകയാണ്. അങ്ങനെ ഈ പണം കൂടി വാട്ടർ അതോറിറ്റിക്ക് അനുവദിച്ചു നൽകിയാൽ അവർ പറഞ്ഞിരിക്കുന്നത് മാർച്ച് 31-ന് മുമ്പ് ഈ പദ്ധതി കമ്മീഷൻ ചെയ്യാം എന്നാണ്. അദ്ദേഹം പറഞ്ഞ രണ്ടാമത്തെ വിഷയം സ്വീവേജ് സ്കീം സംബന്ധിച്ചാണ്. തിരുവനന്തപുരം നഗരത്തിലെ ഡി-ബ്ലോക്കിൽ പെടുന്ന പ്രദേശങ്ങളായ പട്ടം, പ്ലാമൂട്, മുറിഞ്ഞപാലം എന്നീ സ്വീവേജ് പമ്പ് ഹൗസുകളുടെ പണി പൂർത്തീകരിച്ച് ട്രയൽ റണ്ണിംഗ് നടന്നുവരികയാണ്. അത് ഉടൻ തന്നെ കമ്മീഷൻ ചെയ്യാൻ സാധിക്കും. ഈ രണ്ട് പമ്പുഹൗസുകൾ കമ്മീഷൻ ചെയ്യുന്നതോടുകൂടി ഡി-ബ്ലോക്കിലെ ഒന്നാം മേഖലയിൽ 85 ശതമാനം പ്രദേശങ്ങളിലും രണ്ടാം മേഖലയിൽ ഏകദേശം 75 ശതമാനം പ്രദേശങ്ങളിലും സ്വിവറേജ് സൗകര്യം ലഭ്യമാകുന്നതാണ്. ഇതിൽ വരുന്ന പട്ടം, പ്ലാമൂട്, മുറിഞ്ഞപാലം പമ്പ് ഹൗസുകളുടെ പ്രവർത്തന പരിധിയിൽ വരുന്ന ഡി-ബ്ലോക്കിലെ ഒന്നും രണ്ടും മേഖലകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പട്ടം, പ്ലാമൂട് പമ്പ്ഹൗസിന്റെ പ്രവർത്തന പരിധിയിൽ ഒന്നാം മേഖലയായ പട്ടം, കേശവദാസപുരം, പരുത്തിപ്പാറ, മുട്ടട, വയലിക്കട, അമ്പലംമുക്ക്, കവടിയാർ, കുറവൻകോണം, നന്തൻകോട് റോഡിന് ഇരുവശത്തുമുള്ള ഭാഗങ്ങളും, പണ്ഡിറ്റ് കോളനി, ആദർശ് നഗർ, തേക്കുംമൂട് എന്നീ ഭാഗങ്ങളും ഉൾപ്പെടുന്നു. പട്ടം-മുറിഞ്ഞപാലം പമ്പ്ഹൗസിന്റെ പരിധിയിൽ വരുന്ന രണ്ടാം മേഖലയിൽ ഉള്ളൂർ, കേശവദാസപുരം, പട്ടം, മെഡിക്കൽ കോളേജ്, ചാലക്കുഴി എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നതാണ്. ഈ രണ്ട് പമ്പുഹൗസുകളുടെ പണി പൂർത്തിയാകുമ്പോൾ ആദ്യം പറഞ്ഞ അത്രയും പെർസന്റേജ് കവറേജ് സാധിക്കും. പിന്നെ പറഞ്ഞത് തിരുവനന്തപുരം കോർപ്പറേഷനിൽ കൂട്ടിച്ചേർത്ത പ്രദേശത്തിന്റെ കാര്യമാണ്.

തിരുവനന്തപുരം കോർപ്പറേഷനിൽ കൂട്ടിച്ചേർത്ത പ്രദേശങ്ങളിലെ സ്വിവറേജ് സൗകര്യത്തെ സംബന്ധിച്ച് വളരെ വലിയ സാമ്പത്തിക ബാധ്യത വേണ്ടിവരും. 10 കോടി രൂപകൊണ്ട് ഒന്നുമാകില്ല. ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതുകൊണ്ട് ഒന്നുമാകാൻ പോകുന്നില്ല. കാരണം ഇതുവരെയുള്ള സ്വിവേജ് പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുക നമുക്കറിയാം. ഇതിൽ നമുക്ക് റിട്ടേൺ ഒന്നുമില്ല. സ്വിവേജിനെ സംബന്ധിച്ചിടത്തോളം ഞാൻ ഒരിക്കൽ പറഞ്ഞതാണ്. ചില മാധ്യമങ്ങൾ തെറ്റായി വ്യാഖ്യാനിച്ച് കുറേ പ്രചാരണം കൊടുത്തു. സ്വിവേജ് സൗകര്യം കുറെയെങ്കിലും ഫലപ്രദമായിട്ടുള്ളത് തിരുവനന്തപുരം സിറ്റിയിൽ മാത്രമാണ്. ബാക്കി കേരളത്തിലെ ഒരു സിറ്റിയിലും സ്വിവേജ് സൗകര്യം കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയിട്ടില്ല. കോർപ്പറേഷനതിർത്തിക്കകത്തെങ്കിലും നടപ്പിലാക്കുന്നതിനെക്കുറിച്ച് മേയർമാരുമായി പല സന്ദർഭങ്ങളിലും ഞാൻ സംസാരിച്ചു. അവരോട് ഞാൻ പറഞ്ഞത് ഇതിന് എന്തെങ്കിലും സെസ്സ് ഈടാക്കിയാൽ, പുതിയ പദ്ധതികൾ നടപ്പിലാക്കാം, അത് എങ്ങനെ കണക്കാക്കണം എന്നുള്ളത് സ്വീവേജ് സൗകര്യത്തിന് ഉപയോഗിക്കുന്ന വെള്ളം കൂടി കണക്കിലെടുത്തുകൊണ്ടായിരിക്കണമെന്ന് ഞാൻ പറഞ്ഞു. അതൊരു തീരുമാനമായി പ്രഖ്യാപിച്ചിട്ടില്ല. അതേസമയം ഇവിടെ വ്യാഖ്യാനം വന്നത് വെള്ളത്തിന് പുതിയ സെസ്സ് ഏർപ്പെടുത്താൻ പോകുന്നു എന്നാണ്. നിയമസഭയിൽ തന്നെ എത്ര ചോദ്യങ്ങൾ വന്നു? എല്ലാ സ്ഥലത്തും സ്വീവേജ് സൗകര്യം കിട്ടണം. അത് ആവശ്യമാണ് പക്ഷേ ഫണ്ടാണ് പ്രശ്നം. ഒരു ധനകാര്യ ഏജൻസിയും ഇതിന് പ്രത്യേക സഹായങ്ങൾ നൽകുന്നില്ല. കാരണം റിട്ടേൺ ഒന്നുമില്ല. അദ്ദേഹം സൂചിപ്പിച്ച മറ്റൊരു കാര്യം പാർവതീ പുത്തനാറിന്റെ ക്ളീനിംഗും മറ്റ് കാര്യങ്ങളുമാണ്. ഞാൻ പല പ്രാവശ്യം സഭയിൽ പറഞ്ഞിട്ടുള്ളതാണ്. അത് ഗവൺമെന്റ് സമയബന്ധിതമായി ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. മോഹൻ കുമാർ</u>: സർ, കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിലേക്കും, വില്ലേജുകളിലേക്കും സ്വീവേജ് വ്യാപിപ്പിക്കുന്നതിനുവേണ്ടി പരിമിതമാണെങ്കിലും ചെറിയ ഒരു തുക, 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. എന്റെ അഭ്യർത്ഥന, തെരഞ്ഞെടുപ്പ് കഴിഞ്ഞിട്ടാണെങ്കിൽ പോലും ബന്ധപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ജന പ്രതിനിധികളുടെയും ഒരു സമ്മേളനം വിളിച്ച് ചേർത്ത് സ്വീവേജ് സൗകര്യം ലഭ്യമല്ലാത്ത നഗരങ്ങളിലെ ജനസാന്ദ്രത വർദ്ധിച്ച പ്രദേശങ്ങളിലേക്ക് ഇത് എത്തിക്കുന്നതിനുള്ള അഭിപ്രായ സമന്വയം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ, അതുപോലെ അങ്ങനെ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്താൻ റിവ്യൂ മീറ്റിംഗിന് നിർദ്ദേശിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: മീറ്റിംഗ് വിളിക്കാൻ പ്രയാസമൊന്നുമില്ല. മീറ്റിംഗ് വിളിക്കാം. റിവ്യൂ ചെയ്യാം. ഏരിയ സംബന്ധിച്ച് ഏകദേശ ധാരണ എന്റെ മനസ്സിലുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ തന്നെ പണം ഇല്ലാത്തതാണ് പ്രശ്നം. എങ്ങനെ പണം കണ്ടെത്താൻ കഴിയും? തിരുവനന്തപുരം കോർപ്പറേഷൻ എന്നു പറയുന്നത് വലിയൊരു ഏരിയയാണ്. ഈ ഏരിയ മുഴുവൻ ഫുൾ കവറേജ് കൊടുക്കേണ്ടത് ആവശ്യമാണ്. അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതിനുള്ള പണം കണ്ടെത്താനുള്ള ബുദ്ധിമുട്ടാണ്. ഞാൻ യോഗം വിളിക്കാം. യോഗം വിളിച്ച് എടുക്കുന്ന തീരുമാനങ്ങൾ എല്ലാവരും കൂടി നടപ്പിലാക്കാൻ ശ്രമിച്ചാൽ നമുക്ക് ഏതെങ്കിലും മാർഗ്ഗം കണ്ടെത്താൻ യോജിച്ചു നീങ്ങാം.

മി. സ്പീക്കർ: സഭ ഇന്ന് അനിശ്ചിതകാലത്തേക്ക് പിരിയുന്ന ദിവസമായതുകൊണ്ട് ഓഫീസിൽ തന്ന എല്ലാ സബ്മിഷനുകളും, കാളിംഗ് അറ്റൻഷനുകളും, അഡ്മിസിബിളായിട്ടുള്ള, എന്റെ കയ്യിൽ തന്ന എല്ലാ സബ്മിഷനുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. 34 സബ്മിഷനുകളുണ്ട്. ഇന്ന് വെള്ളിയാഴ്ചയായതുകൊണ്ട് 12.30-ന് പിരിയേണ്ടിയിരിക്കുന്നു. അതുകൊണ്ട് പ്രതിപക്ഷ നേതാവിന് പറയാനുള്ളത് പറയട്ടെ. ബാക്കിയുള്ള 33 സബ്മിഷനുകളും ഓരോ മിനിട്ടിൽ നമുക്ക് തീർക്കേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർമാർ ഒന്നോ രണ്ടോ വാചകങ്ങളിൽ പറയണം. മന്ത്രിമാരും ഒന്നു രണ്ട് വാചകങ്ങളിൽ മറുപടി പറയണം.

V സബ്മിഷൻ

(1) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് "റാങ്ക് ഫയൽ" വിതരണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പട്ട സ്പീക്കർ പറഞ്ഞതിനോട് പരമാവധി സഹകരിക്കാം. സർ, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽനിന്ന് എസ്.എസ്.എൽ.സി-ക്ക് പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇപ്പോഴും പഠന സഹായി എന്നു പറഞ്ഞ് ഒരു പുസ്തകം വിതരണം ചെയ്യുന്നുണ്ട്. ജൂൺ 18-ന് തന്നെ ക്വട്ടേഷൻ ക്ഷണിച്ച് ഓർഡർ കൊടുത്തു. ജൂൺ 25-നകം ഇത് സമർപ്പിക്കണം എന്നു പറഞ്ഞു. ഏതാണ്ട് 8 ക്വട്ടേഷനുകൾ സമർപ്പിക്കപ്പെട്ടു. അതിൽ 4 എണ്ണം വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്ക് അയച്ചു. വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്കു ശേഷം ഒരെണ്ണം സെലക്ട് ചെയ്തു. ഏതാണ്ട് 350 രൂപ ഒരു പുസ്തകത്തിന് വില നിശ്ചയിച്ചിട്ടുണ്ട് 35 ശതമാനം ഡിസ്കൗണ്ടും പറഞ്ഞിട്ടുണ്ട്. ഐ. ഇ. ടി. എന്നു പറയുന്ന സ്ഥാപനത്തിന്റെ ഒരു പുസ്തകത്തിന് ഡിസ്കൗണ്ട് കഴിഞ്ഞാൽ